## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3444** **14-07-2022 - ൽ മറുപടിയ്ക്ക്**

## ഉപരിപഠനത്തിന് സമയം നഷ്ടമാകാതിരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകൾ നടത്തുന്ന വിവിധ ബിരുദ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളുടെ പരീക്ഷകളും അവയുടെ റിസൾട്ടും ഒരേ സമയക്രമത്തിൽ പ്രസിദ്ധീകരിക്കാത്തതുമൂലം മറ്റ് സംസ്ഥാനങ്ങളിലേക്കോ വിദേശത്തേക്കോ ഉപരി പഠനത്തിന് പോകുന്ന കുട്ടികൾക്ക് ഒരു വർഷം വരെയുള്ള സമയം നഷ്ടമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | രാജ്യത്തെ മറ്റ് സർവ്വകലാശാലകളുടെ റിസൾട്ടുകൾ പ്രസിദ്ധീകരിക്കുന്ന സമയം ഇവിടെയും റിസൾട്ടുകൾ പ്രസിദ്ധീകരിക്കാനും കുട്ടികളുടെ ഉപരിപഠന സാധ്യകൾക്ക് വിഘാതമാകാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെയും കൗൺസിലിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവകലാശാലകൾ യഥാസമയം പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ